പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1092 04.02.2019 ൽ മറുപടിക്ക്

## വിനോദസഞ്ചാരമേഖലകളിലെ റോഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. എം. ഷാജി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്കും വിനോദസഞ്ചാരമേഖലകളിലും നിലവിലുള്ള റോഡുകൾ വീതികൂട്ടുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതിയുടെ കീഴിൽ നഗര പാത വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. നിലവിൽ കോഴിക്കോട്, തിരുവനന്തപുരം (ശംഖുമുഖം - വിമാനത്താവളം റോഡ്) നഗര വികസന പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ നഗര വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ജനപ്രതിനിധികളുടെ അപേക്ഷ പരിഗണിച്ച് നിലവിൽ, കൽപ്പറ്റ, മൂന്നാർ, മാനന്തവാടി തുടങ്ങിയ വിനോദ സഞ്ചാര മേഖലകളുടെ വികസനത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കാൻ കൺസൾട്ടൻസിനെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികളിലാണ്. |
| ബി) എങ്കിൽ പുതിയവ നിർമ്മിക്കുന്നതിനേക്കാൾ ആവശ്യകത നിലവിലുള്ള റോഡുകളുടെ വളവുകൾ മാറ്റി വീതി ഗണ്യമായി വർദ്ധിപ്പിക്കുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | ബി) & സി) ബോധ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള റോഡുകളിൽ വളവുകൾ മാറ്റി വീതി വർദ്ധിപ്പിക്കുന്നതിന് സ്ഥല ലഭ്യതയുടെയും ഫണ്ടുകളുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| സി) വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെയും പ്രധാന ആരാധനാലയങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളും ഇതേ രീതിയിൽ വികസിപ്പിക്കുന്നതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ